"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് – ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ് II തസ്തികയുടെ യോഗ്യത – സർട്ടിഫിക്കറ്റ് കോഴ്സ് (CCA-Certificate Course - Attender (Homoeopathy) നുള്ള പ്രൊപ്പോസൽ – അംഗീകരിച്ച് – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(കൈ) നം.24/2026/AYUSH തീയതി, തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. യുവജന ക്ഷേമവും യുവജന കാര്യവും സംബന്ധിച്ച സമിതിയുടെ (2023-26) ശിപാർശ.

2. ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ 14/05/2025-ലെ DHTVM/560/2021-EB2 - നമ്പർ കത്ത്.

**ഉത്തരവ്**

ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ് II തസ്തികയുടെ യോഗ്യതയിൽ ഇളവ് വരുത്തി പി.എസ്.സി. മുഖേന നടത്തേണ്ട നിയമനങ്ങളുടെ അനുപാതം നിശ്ചയിക്കുന്നതിനായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന് യുവജന ക്ഷേമവും യുവജന കാര്യങ്ങളും സംബന്ധിച്ച സമിതി ശിപാർശ ചെയ്തിരുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ ഉൾപ്പെടെയുള്ളവരുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ് II തസ്തികയ്ക്ക് ആവശ്യമായ യോഗ്യത നേടുന്നതിനായി ഒരു സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നതിനും അതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിനും തീരുമാനിച്ചു.

പ്രസ്തുത കോഴ്സിന്റെ കാലയളവ്, യോഗ്യത, പരിശീലനത്തിന്റെ സ്വഭാവം എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുന്നതിനായി തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസറെ ചുമതലപ്പെടുത്താനും യോഗം തീരുമാനിച്ചു. ഇതുസംബന്ധിച്ച് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ സമർപ്പിച്ച 'സർട്ടിഫിക്കറ്റ് കോഴ്സ് - അറ്റൻഡർ (ഹോമിയോപ്പതി)' എന്ന കോഴ്സിന്റെ പ്രൊപ്പോസൽ ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് പരാമർശം-(2) പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ് II തസ്തികയുടെ യോഗ്യതയിൽ ഇളവ് വരുത്തി പി.എസ്.സി. മുഖേന നടത്തേണ്ട നിയമനങ്ങളുടെ അനുപാതം നിശ്ചയിക്കുന്നതിനായി സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന യുവജന ക്ഷേമവും യുവജന കാര്യങ്ങളും സംബന്ധിച്ച സമിതിയുടെ ശിപാർശ പരിഗണിക്കുന്നതിനായി ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ് II തസ്തികയ്ക്ക് ആവശ്യമായ യോഗ്യത ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ തയ്യാറാക്കി ഹോമിയോപ്പതി വകുപ്പ് മേധാവി ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ള **'സർട്ടിഫിക്കറ്റ് കോഴ്സ് - അറ്റൻഡർ (ഹോമിയോപ്പതി)/Certificate Course - Attender (Homoeopathy)'** എന്ന കോഴ്സിന്റെ പ്രൊപ്പോസൽ, ഇതോടൊപ്പം ചേർത്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത കോഴ്സ് ആരംഭിച്ച് ആദ്യ ബാച്ച് പൂർത്തിയാകുന്ന മുറയ്ക്ക്, ഹോമിയോപ്പതി അറ്റൻഡർ ഗ്രേഡ് II തസ്തികയിലെ നിയമനത്തിനായി തിരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നുള്ള നിയമനങ്ങളുടെ അനുപാതം ഉൾപ്പെടുത്തുന്നതിന് സ്പെഷ്യൽ റൂളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ ഹോമിയോപ്പതി വകുപ്പ് മേധാവി ആരംഭിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SEEMA S**

ജോയിന്റ് സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. പ്രിൻസിപ്പാൾ & കൺട്രോളിംഗ് ഓഫീസർ, ഗവ.ഹോമിയോപ്പതിക് മെഡിക്കൽ കോളേജ്, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
4. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
5. കരുതൽ ശേഖരം / ഓഫീസ് പകർപ്പ്. (AYU-C2/163/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-03-2026 16:11:08

സെക്ഷൻ ഓഫീസർ.